# പതിമൂന്നാം കേരള നിയമസഭ

## ഏഴാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ: 3578 — 19/02/2013 ൽ മറുപടിക്ക്

**ഐ.പി.എസ് പരിഗണിക്കുന്നതിനുള്ള ലിസ്റ്റ്**

ചോദ്യം: ശ്രീ.കെ.കുഞ്ഞമ്മത് മാസ്റ്റർ

ഉത്തരം : ശ്രീ ഉമ്മൻ ചാണ്ടി ( മുഖ്യമന്ത്രി)

| ചോദ്യം | ഉത്തരം |
|---|---|
| (എ) ഐ.പി.എസ് ലേയ്ക്ക് പരിഗണിക്കന്നതിനുള്ള ലിസ്റ്റിൽ എത്രപേരുണ്ടെന്നും പ്രസ്തുത ലിസ്റ്റ് എപ്പോഴാണ് തയ്യാറാക്കിയിട്ടുള്ളതെന്നും വെളിപ്പെടുത്തുമോ; | (എ) 2010, 2011 വർഷങ്ങളിലെ ഒഴിവുകളിലേക്ക് സംസ്ഥാന പോലീസ് സർവീസിൽ നിന്നും ഐ.പി.എസ്സിലേക്ക് പരിഗണിക്കുന്നതിനായി സംസ്ഥാന സർക്കാർ തയ്യാറാക്കിയ ലിസ്റ്റിൽ 2010 വർഷത്തെ പരിഗണന ലിസ്റ്റിൽ 23 പേരും 2011 വർഷത്തെ പരിഗണന ലിസ്റ്റിൽ 24 പേരും ഉൾപ്പെട്ടിട്ടുണ്ട്. പ്രസ്തുത ലിസ്റ്റ് 15/10/2012 ലാണ് തയ്യാറാക്കിയിട്ടുള്ളത്. |
| (ബി) പ്രസ്തുത ലിസ്റ്റിൽ എത്രപേർക്ക് ഐ.പി.എസ് നൽകാനാണ് ഉദ്ദേശിക്കുന്നത്; | (ബി) 2010 വർഷത്തിൽ 13 ഒഴിവും 2011 വർഷത്തിൽ 8 ഒഴിവുമാണ് നിലവിലുള്ളത്. |
| (സി) അച്ചടക്ക നടപടികൾക്ക് വിധേയരായവർ ലിസ്റ്റിലുണ്ടോയെന്നും എങ്കിൽ എത്രയെന്നും വ്യക്തമാക്കുമോ; നിലവിൽ സർവീസിൽ ഇല്ലാത്ത എത്രപേർ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്; ആരെല്ലാമെന്നും വ്യക്തമാക്കുമോ; | (സി) 2010 വർഷത്തിലെ പരിഗണന ലിസ്റ്റിൽ അച്ചടക്ക നടപടി നേരിട്ട ഒന്നും 2011 വർഷത്തിലെ പരിഗണന ലിസ്റ്റിൽ അച്ചടക്ക നടപടി നേരിട്ട രണ്ടും, നിലവിൽ സർവീസിൽ ഇല്ലാത്ത 4 പേർ 2010 വർഷത്തിലെ ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുണ്ട്. നിലവിൽ സർവീസിൽ ഇല്ലാത്തവരുടെ പേരുവിവരം ചുവടെ ചേർക്കുന്നു.<br>1. ശ്രീ.ഡി.മധു<br>2 ശ്രീ.അലക്സ്.എം. വർക്കി<br>3. ശ്രീ.ഡി.സാലി<br>4. ശ്രീ.കെ.എൽ ഹരികുമാർ |
| (ഡി) ലിസ്റ്റിൽ ഉൾപ്പെട്ടിട്ടുള്ളവരിൽ ആർക്കെങ്കിലുമെതിരെ പരാതി ലഭിച്ചിട്ടുണ്ടോ; എങ്കിൽ പരാതി എന്താണെന്ന് വെളിപ്പെടുത്തുമോ; | (ഡി) 2010, 2011 വർഷങ്ങളിലെ സംസ്ഥാന പോലീസ് സർവീസിൽ നിന്നും ഐ.പി.എസ്സിലേക്ക് തെരഞ്ഞെടുക്കാനുള്ള പട്ടിക യു.പി.എസ്.സിക്ക് അയച്ചു കൊടുക്കുന്നതിനു മുമ്പായി പട്ടികയിൽ ഉൾപ്പെട്ടിട്ടുള്ള ആർക്കെതിരെയും പൊതു ഭരണ |

വകുപ്പിന് പരാതി ലഭിച്ചിട്ടില്ല. എന്നാൽ അതിന് ശേഷം പെരുമാറ്റ ദൂഷ്യം ആരോപിച്ചുകൊണ്ട് ശ്രീ.ബി.അശോകനെതിരെയും ഔദ്യോഗിക പദവി ദുരുപയോഗം ചെയ്തു എന്നാരോപിച്ചുകൊണ്ട് ശ്രീ.ഉണ്ണിരാജക്കെതിരെയും പരാതി ലഭിച്ചിട്ടുണ്ട്. ഇതു കൂടാതെ ഐ.പി.എസ്സിന് പരിഗണിക്കുന്നവരുടെ ലിസ്റ്റിൽ ശ്രീ.ഗോപാൽകൃഷ്ണനെ ഉൾപ്പെടുത്തിയതിനെതിരെ ബഹു. ഹൈക്കോടതിയിൽ ഒരു ഇന്റർ ലോക്യൂട്ടറി ആപ്ളിക്കേഷനും ഫയൽ ചെയ്യപ്പെട്ടിട്ടുണ്ട്.

(ഇ) പരാതികൾ പരിഹരിച്ച് ലിസ്റ്റിൽ മാറ്റം വരുത്താൻ ഉദ്ദേശിക്കുന്നുണ്ടോ; വിശദാംശങ്ങൾ വ്യക്തമാക്കുമോ?

(ഇ) ശ്രീ.ബി.അശോകന് സംസ്ഥാന സർക്കാർ ഇന്റഗ്രിറ്റി സർട്ടിഫിക്കറ്റ് നൽകിയിട്ടില്ല. ശ്രീ.ഉണ്ണിരാജയ്ക്ക് എതിരായ പരാതി ആഭ്യന്തര വകുപ്പിന്റെ പരിഗണനയിലാണ്.

സെക്ഷൻ ഓഫീസർ